## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1927 13 - 06- 2019-ൽ മറുപടിക്ക്.

### സി-ഡിറ്റിന്റെ നിലവിലെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ 30 വർഷമായി സർക്കാർ-സർക്കാരിതര പദ്ധതികൾ സ്തുത്യർഹമായ വിധത്തിൽ നടപ്പിലാക്കുന്നതിന് പ്രധാന പങ്ക് വഹിച്ചിട്ടുള്ള സി-ഡിറ്റിന്റെ നിലവിലെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും) | സി-ഡിറ്റ് തൃപ്തികരമായ നിലയിലാണ് പ്രവർത്തിച്ചു വരുന്നത്. സി-ഡിറ്റ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികളിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കി സ്വകാര്യ കമ്പനികൾക്ക് നൽകുന്ന സാഹചര്യമില്ല. സംസ്ഥാന സർക്കാരിനു വേണ്ടി ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും കമ്മ്യൂണിക്കേഷൻ രംഗത്തും ഹോളോഗ്രാം നിർമ്മാണത്തിലും നിരവധി പദ്ധതികൾ സി-ഡിറ്റ് ചെയ്തു വരുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച "'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ" എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി വിവര - കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യകളുടെ പ്രയോഗം അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ സിഡിറ്റ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സിഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. |
| (ബി) | ഇല്ലെങ്കിൽ സി-ഡിറ്റിനെ ഒഴിവാക്കി പല സർക്കാർ പദ്ധതികളും സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിനുള്ള നീക്കം നടത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പോർട്ടൽ നടത്തിപ്പ് സി-ഡിറ്റിൽ നിന്നും മാറ്റി ഓസ്പിൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക് നൽകിയത് പ്രസ്തുത സ്ഥാപനം സി-ഡിറ്റിനേക്കാൾ കൂടുതൽ കൃത്യതയോടെ വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടാണോ; | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് ഓസ്പിൻ ടെക്നോളജീസിന് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടലിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ ഒരു ഭാഗം ജാവാ സാങ്കേതിക വിദ്യയിലുള്ളതാക്കി വികസിപ്പിക്കുന്നതിന് ഓസ്പിൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം സി-ഡിറ്റ് ഉപയോഗിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| (ഡി) | പൊതുമേഖലയെ ഒഴിവാക്കി സ്വകാര്യ മേഖലയെ പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാണോ സർക്കാർ നയം; മികവിന്റെ കേന്ദ്രമായ സി-ഡിറ്റിനെ തകർക്കുന്നതിനുള്ള നടപടികളിൽ നിന്നും സർക്കാർ പിൻവാങ്ങുമോ? | (ഡി) | പൊതുമേഖലയെ ഒഴിവാക്കി സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാരിന്റെ നയമല്ല. സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ